**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2368** **16-03-2022 - ൽ മറുപടിയ്ക്ക്**

**അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | null<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | 2018 മുതൽ തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിങ് വിഭാഗത്തിൽ ജോലി ചെയ്തിരുന്ന എത്ര അസിസ്റ്റന്റ് എഞ്ചിനീയർമാർ പി.ഡബ്ല്യൂ.ഡി., ഇറിഗേഷൻ, ഹാർബർ എഞ്ചിനീയറിങ് എന്നീ വകുപ്പുകളിലേക്ക് പി.എസ്.സി. നിയമനം വഴി ജോലിയിൽ പ്രവേശിച്ചിട്ടുണ്ട് എന്നറിയിക്കാമോ; | (എ) | 119 പേർ. |
| (ബി) | തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിങ് വിഭാഗത്തിൽ ഇത്തരത്തിൽ ഉണ്ടായ ഒഴിവുകൾ നികത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ; | (ബി) | പി.എസ്.സി വഴി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം ലഭിക്കുന്ന അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ സേവന കാലാവധിയുടെ പരിമിതി കാരണം പദ്ധതി പ്രവൃത്തികൾ യഥാസമയം നടത്താൻ സാധിക്കാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പദ്ധതി ചെലവിനെ ബാധിച്ചിട്ടുണ്ടോയെന്നും കരാർ വ്യവസ്ഥയിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരെ നിയമിക്കുന്നത് വഴി ഇതിന് പരിഹാരമുണ്ടാക്കാൻ സാധിക്കുമോയെന്നും അറിയിക്കാമോ; | (സി) | ജീവനക്കാരുടെ കുറവ് പദ്ധതി പ്രവർത്തനങ്ങളെ ബാധിയ്ക്കാതിരിക്കുന്ന നിലയ്ക്കാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താത്കാലിക നിയമനം നടത്തുന്നത്. |
| (ഡി) | പദ്ധതി നിർവ്വഹണത്തിൽ പ്രധാന പങ്ക് വഹിക്കുന്ന അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ എന്ന് മുതലാണ് നിയമനം നടത്താൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | (ഡി) | റാങ്ക് ലിസ്റ്റ് നിലവിലില്ല. ഇപ്പോൾ പരീക്ഷ നടന്നിട്ടുണ്ട്. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് നിയമനം നടത്താൻ സാധിക്കും. |

സെക്ഷൻ ഓഫീസർ